ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

നമ്പർ. **DTETVM/1021/2025-EG4** തീയതി:**12-02-2025**

**പരിപത്രം**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - എസ്റ്റാബ്ലിഷ്മെൻറ് (ഗ്രഡേഷൻ) -കേരളാ പബ്ലിക് സർവീസ് കമ്മീഷൻ **2024** ജൂലൈ മാസത്തിൽ നടത്തിയ വകുപ്പ് തല പരീക്ഷാ ഫലത്തിൻറെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റ / തസ്തികമാറ്റ നിയമനത്തിന് യോഗ്യരായ ക്ലാർക്ക് / ക്ലാർക്ക്-ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ് തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നത് - സംബന്ധിച്ച്

സൂചന :- **1) 09/01/2025** ലെ **DE I (1) 982540/2024/EW** നമ്പർ വിജ്ഞാപനം

**2 ) 20-09-2024** ലെ ഈ ഓഫീസിലെ **DTETVM/ 6361/2024-EG3 (EG)** നമ്പർ ഉത്തരവ്.

സൂചന (1) പ്രകാരം **2024** ജൂലൈ മാസത്തെ വകുപ്പ് തല പരീക്ഷ (അക്കൌണ്ട് ടെസ്റ്റ്) യുടെ ഫലം പ്രസിദ്ധീകരിച്ചിരിക്കുന്നു. പ്രസ്തുത പരീക്ഷ വിജയിച്ച ക്ലാർക്ക് / ക്ലാർക്ക്-ടൈപ്പിസ്റ്റ് / ടൈപ്പിസ്റ്റ് തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരെക്കൂടി ഉൾപ്പെടുത്തി നിലവിലെ സീനിയോറിറ്റി പട്ടിക പരിഷ്ക്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ ബന്ധപ്പെട്ട ജീവനക്കാർ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള മാതൃകയിൽ വിവരങ്ങൾ സമർപ്പിക്കേണ്ടതാണ്.

കൂടാതെ **സൂചന 2 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടാത്തതും നിലവിൽ 50 വയസ്സ് പൂർത്തീകരിച്ചതുമായ ജീവനക്കാരും**, **Rule 13 A of KS & SSR** പ്രകാരം വകുപ്പ് തല പരീക്ഷയിൽ ഇളവ് ലഭിക്കേണ്ട **SC/ST** വിഭാഗത്തിൽപ്പെട്ട ജീവനക്കാരും നിശ്ചിത മാതൃകയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷകൾ ഈ സർക്കുലർ പ്രസിദ്ധീകരിച്ച് **10 ദിവസത്തിനകം** ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

ഈ സർക്കുലർ എല്ലാ ജീവനക്കാരെയും കാണിച്ച് ബോദ്ധ്യപ്പെടുത്തി ജീവനക്കാർ തയ്യാറാക്കി സമർപ്പിക്കുന്ന വിവരങ്ങൾ ബന്ധപ്പെട്ട സേവന പുസ്തകവുമായി ഒത്തുനോക്കി സാക്ഷ്യപ്പെടുത്തി മേൽപ്പറഞ്ഞ സമയക്ലിപ്തത പാലിച്ച് ഈ ഓഫീസിൽ എത്തിക്കുവാൻ എല്ലാ സ്ഥാപന മേധാവികളോടും നിർദ്ദേശിക്കുന്നു.

ടൈപ്പിസ്റ്റ് തസ്തികയിൽ(**UD** ടൈപ്പിസ്റ്റ്/സീനിയർ ഗ്രേഡ്/സെലക്ഷൻ ഗ്രേഡ്) സേവനമനുഷ്ഠിക്കുന്ന ജീവനക്കാർ വകുപ്പ് തല പരീക്ഷ വിജയിക്കുകയും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് തസ്തികമാറ്റത്തിന് സമ്മതം അറിയിക്കുകയും ചെയ്യുന്ന പക്ഷം ഇവർ **G.O. (Ms) No. 41/2012/P&ARD dated 23.08.2012** പ്രകാരമുള്ള യോഗ്യത നേടിയിട്ടുണ്ടോയെന്ന് സ്ഥാപന മേധാവികൾ പരിശോധിച്ച് യഥാവിധി സാക്ഷ്യപ്പെടുത്തി മേൽപറഞ്ഞ സമയ പരിധിക്കുള്ളിൽ പ്രസ്തുത അപേക്ഷകളും ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

**SHALIJ P R**

**DIRECTOR**

PROFORMA

Vide Circular No. DTETVM/1021/2025-EG4 12-02-2025

| | | |
|---|---|---|
| 1 | Name | |
| 2 | Present Post | Clerk / Clerk-Typist (Typist-Clerk) / Typist(UD / SeniorGrade / Selection Grade) |
| 3 | Date of Birth | |
| 4 | Whether SC/ST | |
| 5 | Qualification:<br>General & Department Test | <br> |
| 6 | Method of Appointment | |
| 7 | Opted District | |
| 8 | No. & Date of PSC Advice (Copy should be attached) | |
| 9 | No. & Date of Appointment Order(Copy should be attached) | |
| 10 | Date of joining | |
| 11 | Date of joining in the present District | |
| 12 | Date of regularization of appointment(Copy of the order should be attached) | |
| 13 | Date of commencement of continuous service in this Dept | |
| 14 | Date of declarationof probation | |
| 15 | Month & Year of acquiring Departmental Test Qualification (Copies of the certificate should be attached) | |
| 16 | Details regarding LWA /Dept level enquiry if any/Deputation /Suspension / Disciplinary action | |
| 17 | Contact Details(Mobile No.) | |
| 18 | Other remarks if any | |

PLACE: SIGNATURE:

DATE: NAME:

**CERTIFICATE**

Certified that I have verified the above details with reference to the Service Book concerned and found correct.

**Signature with seal of the employer**

Place:

Date:

സ്വീകർത്താവ്

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സീനിയർ സൂപ്രണ്ട്, EA/ ED സെക്ഷൻ
3. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

Signed by
Shalij P R
Date: 12-02-2025 00:30:11